## 9

# വിചാരവിപ്ലവം

കുറ്റിപ്പുഴ കൃഷ്ണപിള്ള രചിച്ച ഗ്രന്ഥത്തെപ്പറ്റിയുള്ള നിരൂപണം.

യഥാസ്ഥിതികത്വത്തിനും അന്ധവിശ്വാസങ്ങൾക്കുമെതിരായ ഇരുപതോളം ലേഖനങ്ങളടങ്ങിയ ഒരു നല്ല പുസ്തകമാണ് ശ്രീ. കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ‘വിചാരവിപ്ലവം’. മതം, സമുദായം, രാഷ്ട്രം എന്നീ വിവിധരംഗങ്ങളിൽ കാണപ്പെടുന്ന അന്ധവിശ്വാസങ്ങളെ അദ്ദേഹം ശക്തിയായി അക്ഷേപിയ്ക്കുന്നു; പുരോഗമനപരങ്ങളായ പ്രസ്ഥാനങ്ങളെ അദ്ദേഹം ആവേശത്തോടെ അഭിനന്ദിയ്ക്കുന്നു. സോവിയറ്റ് യൂണിയനെപ്പറ്റി അദ്ദേഹം പറയുന്നതുനോക്കുക: “തന്നെപ്പോലെ തന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന് ഉപദേശിച്ച ക്രിസ്തുദേവൻ വീണ്ടും ഭൂമിയിലവതരിക്കുകയാണെങ്കിൽ ഒരു പക്ഷെ അദ്ദേഹം റഷ്യയിലേയ്ക്കു താമസം മാറ്റിയേക്കും... സ്ഥാപിതതാല്പര്യങ്ങളെ പരിരക്ഷിക്കാനായി മനുഷ്യത്വത്തെ ചവിട്ടിമെതിയ്ക്കുന്ന കാഴ്ചയല്ലേ അന്യരാജ്യങ്ങളിൽ ഇപ്പോഴും നിലവിലിരിയ്ക്കുന്നത്? ആ വക അതിർത്തിക്കോട്ടകളെ തച്ചുടച്ച് അവയുടെ അടിയിൽകിടക്കുന്ന മനുഷ്യത്വത്തിന്റെ മഹനീയത വെളിപ്പെടുത്തുവാനും എല്ലാ മനുഷ്യരേയും ഒന്നുപോലെ വീക്ഷിക്കുവാനും ഉൽബോധിപ്പിയ്ക്കുന്ന ഒരു നവീന നീതിശാസ്ത്രത്തെ ജീവിതപ്രമാണമായി സ്വീകരിക്കുവാൻ റഷ്യയ്ക്കുമാത്രമേ കഴിഞ്ഞിട്ടുള്ളു”.

‘ഭൂമിയിലെ സ്വർഗ്ഗരാജ്യം’ എന്ന ലേഖനത്തിൽ ശ്രീ കുറ്റിപ്പുഴ എഴുതുന്നു: “ഏതൊരു സാമ്പത്തികഘടനയിൽ നാം ജീവിക്കുന്നുവോ അതായിരിക്കും നമ്മുടെ സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനം”. പക്ഷേ, ഈ തത്വത്തെ അവഗണിയ്ക്കുന്ന ചില ആശയഗതികൾ ആദ്ദേഹത്തിന്റെ തന്നെ ലേഖനങ്ങളിൽ കാണാനുണ്ട്. ഉദാഹരണത്തിന് സ്ത്രീയെപ്പറ്റി അദ്ദേഹം എഴുതുന്നതു നോക്കുക: “മനുഷ്യചരിത്രം ആരംഭിച്ച കാലം മുതൽ സ്ത്രീ പുരുഷന്റെ അടിമയാണ്. ഒരു ദേശത്തും ഒരു കാലത്തും ഈ സാമാന്യനിയമത്തിന്നു വ്യത്യാസം വന്നിട്ടില്ല”. (പേജ് 103) ഇതു ശരിയല്ല. മാതൃമേധാവിത്വവും സ്ത്രീ സ്വാതന്ത്ര്യവും നിലനിന്നിരുന്ന കാലം പ്രാചീനചരിത്രത്തിലുണ്ടായിരുന്നുവെന്നും സാമൂഹ്യവളർച്ചയുടെ ഒരു സവിശേഷഘട്ടത്തിൽ മാത്രമാണ് സ്ത്രീ അസ്വതന്ത്രയായിത്തീർന്നത് എന്നും ആധുനികചരിത്രകാരന്മാർ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. അടുക്കളയിൽനിന്ന് അടർക്കളത്തിലേയ്ക്ക് ധൈര്യത്തോടെ പാഞ്ഞു ചെല്ലാൻ കഴിവുള്ള സോവിയറ്റ് സ്ത്രീയുടെ സ്വാതന്ത്ര്യത്തെ ശ്രീ കുറ്റിപ്പുഴ സോത്സാഹം ചൂണ്ടിക്കാണിയ്ക്കുന്നു. പക്ഷേ, സോവിയറ്റ് നാട്ടിലെ സ്ത്രീകളനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം അവിടുത്തെ സാമൂഹ്യഘടനയാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നില്ല. കമാലിന്റെ കരുണയേയും, ലെനിന്റെ ദീർഘദർശനത്തേയും അഭിനന്ദിയ്ക്കുന്ന അദ്ദേഹം മഹാന്മാരായ ആ നേതാക്കന്മാരുടെ പിന്നിലുള്ള വമ്പിച്ച സാമൂഹ്യപ്രസ്ഥാനങ്ങളെ പരിശോധിക്കാൻ മുതിരുന്നില്ല. എല്ലാറ്റിനേയും ചരിത്രപരമായി കാണാത്തതുകൊണ്ട് മതം, സന്മാർഗ്ഗബോധം, പുരോഹിതൻ, മന്ത്രവാദി മുതലായ മറ്റു ലേഖനങ്ങളിലും ഇത്തരം ചില പിശകുകൾ പറ്റിയിട്ടുണ്ട്.

ബക്കുനിൻ. ലിയോൺ, ടോട്സ്കി എന്നിവരുടെ ജീവിതചരിത്രസംഗ്രഹങ്ങളിൽ അസത്യങ്ങളും അതിശയോക്തികളും വല്ലാതെ കലർന്നിട്ടുണ്ടെന്നു കാണാം. ട്രോട്സ്കി എന്ന ഉപന്യാസത്തിലെ “പല അഭിപ്രായങ്ങളും ഏകപക്ഷീയമായി (onesided) തീർന്നിട്ടുണ്ടാവാം” എന്ന് ഗ്രന്ഥകാരൻ തന്നെ സമ്മതിക്കുന്നുണ്ട്. മറുപക്ഷക്കാരുടേയോ നിഷ്പക്ഷ ലേഖകന്മാരുടേയോ അഭിപ്രായങ്ങൾക്കൂടി പരിശോധിച്ചതിന്നുശേഷമാണ് ഈ ജീവിതചരിത്രസംഗ്രഹങ്ങൾ എഴുതിയിരുന്നതെങ്കിൽ 1903 മുതൽക്കുതന്നെ ലെനിന്റെയും ബോൾഷെവിക്ക്പാർട്ടിയുടേയും പ്രവർത്തനങ്ങളെ ഇടവിടാതെ എതിർത്തുപോന്ന ട്രോട്സ്കി സോഷ്യലിസത്തിന്റെ പരമശത്രുവായ ഒരു ഫാഷിസ്റ്റേജണ്ടായിക്കലാശിച്ചതെങ്ങിനെയെന്നും ‘അരാജകവാദി’യായ ബക്കുനിൻ തന്റെ അസംബന്ധം നിറഞ്ഞ അഭിപ്രായങ്ങളും പ്രവൃത്തികളും വഴിയായി മാർക്സിസത്തേയും മാർക്സിന്റെ നേതൃത്വത്തിൽ വളർന്നുവന്നിരുന്ന തൊഴിലാളി പ്രസ്ഥാനങ്ങളും തകർക്കാൻ ശ്രമിച്ചതേതുവിധമെന്നും ശ്രീ കുറ്റിപ്പുഴ വിവരിയ്ക്കുമായിരുന്നു.

ഇങ്ങിനെ രണ്ടാംപതിപ്പിൽ പരിഹരിക്കപ്പെടേണ്ടവയായ ചില പിശകുകളുണ്ടെങ്കിലും, ആകപ്പാടെ നോക്കുമ്പോൾ, ‘വിചാരവിപ്ലവവും’ പുരോഗമനപരമായ ഒരു പുസ്തകമാണെന്ന കാര്യത്തിൽ സംശയമില്ല.

